## ഒൻപതാം  സമ്മേളന നടപടികളുടെ സംക്ഷിപ്ത വിവരണം

പതിനഞ്ചാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം നടപടികൾ പൂർത്തീകരിച്ച് ഇന്ന് അവസാനിക്കുകയാണ്. 2023 ആഗസ്റ്റ് 7-ന് ആരംഭിച്ച് 24-ന് അവസാനിക്കുന്ന നിലയിൽ 12 ദിനങ്ങൾ ചേരാനാണ് ആദ്യ കലണ്ടർ തയ്യാറാക്കിയിരുന്നതെങ്കിലും പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ ആഗസ്റ്റ് 10-ന് സമ്മേളനം താല്ക്കാലികമായി നിർത്തിവയ്ക്കുകയും നേരത്തെ നിശ്ചയിച്ച ദിവസങ്ങൾ ഒഴിവാക്കി ഇടവേളയ്ക്ക് ശേഷം സെപ്തംബർ 11 മുതൽ 14 വരെ വീണ്ടും ചേരുകയുമുണ്ടായി. ആകെ 8 ദിനങ്ങളാണ് സഭ ചേർന്നത്. പ്രധാനമായും നിയമനിർമ്മാണത്തിന് വേണ്ടിയാണ് ഈ സമ്മേളനം ചേർന്നത്.

നിയമസഭാംഗവും മുൻ മുഖ്യമന്ത്രിയുമായിരുന്ന ഉമ്മൻചാണ്ടിയുടെയും മുൻ സ്പീക്കറും മുൻ മന്ത്രിയുമായിരുന്ന വക്കം ബി. പുരുഷോത്തമന്റെയും നിര്യാണം സംബന്ധിച്ച റഫറൻസോടെ  ഈ സമ്മേളനത്തിന്റെ ആദ്യ ദിനം പിരിയുകയുണ്ടായി. ഉപതെരഞ്ഞെടുപ്പ് നടന്ന പുതുപ്പള്ളി നിയോജകമണ്ഡലത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട അംഗത്തിന്റെ

സത്യപ്രതിജ്ഞ കൂടി ഈ സമ്മേളനത്തിൽ നടന്നു എന്ന അപൂർവ്വത കൂടി ഈ സമ്മേളനത്തിന്റെ ഒരു പ്രത്യേകതയാണ്.

സഭയുടെ മുൻ സമ്മേളനകാലത്ത് രൂപീകരിക്കപ്പെട്ട സെലക്ട് കമ്മിറ്റികളുടെ പരിഗണന പൂർത്തീകരിച്ചുവന്ന രണ്ട് ബില്ലുകളും 2023-24 വർഷത്തെ ബഡ്ജറ്റിലെ ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ധനവിനിയോഗ ബില്ലും ഉൾപ്പെടെ ആകെ 15 ബില്ലുകൾ ഈ സമ്മേളനത്തിൽ സഭ പാസ്സാക്കുകയുണ്ടായി. ബില്ലുകൾക്ക് ജനറൽ അമെന്റ്മെന്റ് ഉൾപ്പെടെ ആകെ 5549 ഭേദഗതി നോട്ടീസുകളാണ് ലഭ്യമായത്. അവയിൽ 2685 നോട്ടീസുകൾ അംഗങ്ങൾ ബില്ലിന്റെ വകുപ്പുകൾക്ക് നൽകിയ ഭേദഗതി നോട്ടീസുകളായിരുന്നു. വിവിധ ബില്ലുകളുടെ പരിഗണനാവേളയിൽ 138 ഭേദഗതികൾ ബന്ധപ്പെട്ട മന്ത്രിമാർ സ്വീകരിക്കുകയുണ്ടായി. ഈ സമ്മേളനത്തിൽ സഭ സമ്മേളിച്ച ആകെ സമയമായ 64 മണിക്കൂർ 58 മിനിട്ടിൽ 31 മണിക്കൂർ 24 മിനിറ്റും നിയമ നിർമ്മാണത്തിന് മാത്രമായിട്ടാണ് വിനിയോഗിക്കപ്പെട്ടത്.

2023 ലെ കേരള ആരോഗ്യരക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും

തടയൽ) ഭേദഗതി ബിൽ, 2023 ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ചില കോർപ്പറേഷനുകളെയും കമ്പനികളെയും സംബന്ധിച്ച കൂടുതൽ പ്രവൃത്തികൾ) രണ്ടാം ഭേദഗതി ബിൽ, 2022-ലെ കേരള കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, ധാതുലവണ മിശ്രിതം (ഉൽപാദനവും വിൽപ്പനയും നിയന്ത്രിക്കൽ) ബിൽ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ, 2023-ലെ കേരള ഗവണ്മെന്റ് ഭൂമി പതിച്ചു കൊടുക്കൽ (ഭേദഗതി) ബിൽ തുടങ്ങിയ സുപ്രധാന ബില്ലുകൾ സഭ പാസ്സാക്കുകയുണ്ടായി.

ഈ സമ്മേളനകാലത്ത് 7 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്രചിഹ്നമിട്ടതും നക്ഷത്രചിഹ്നമിടാത്തതുമായി ആകെ 3186 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭ്യമായത്. ഇതിൽ 22 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 23 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 210 എണ്ണം നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 2931 എണ്ണം നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 3141 ചോദ്യങ്ങൾ അച്ചടിക്കുകയും ആയതിൽ ഒരു ചോദ്യം പിൻവലിക്കുകയും ചെയ്തു. ഇതിൽ നക്ഷത്രചിഹ്നമിട്ട 210 ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2594 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട

വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്തുതന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്. 336 ചോദ്യങ്ങൾക്കുള്ള മറുപടി ഇനിയും ലഭിക്കേണ്ടതുണ്ട്.

ചോദ്യോത്തര വേളകളിൽ 32 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. സഭാതലത്തിൽ 234 ഉപചോദ്യങ്ങൾ ഉന്നയിക്കുകയും മന്ത്രിമാർ അവയ്ക്ക് മറുപടി നൽകുകയും ചെയ്തു.

വിവിധ സമ്മേളനങ്ങളിലെ നക്ഷത്രചിഹ്നമിടാത്ത 3 ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവന ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുണ്ടായി.

ഒരു അടിയന്തരചോദ്യം സംബന്ധിച്ച നോട്ടീസ് ലഭിച്ചെങ്കിലും ചട്ടപ്രകാരമുള്ള കാരണങ്ങളാൽ അനുമതി നല്കുകയുണ്ടായില്ല.

ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണം-എക്സൈസ് വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട

കൃഷി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി, ബഹുമാനപ്പെട്ട ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി എന്നിവർ ഈ സമ്മേളനത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഇതിനകം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭ്യമാക്കുന്നതിൽ എല്ലാ മന്ത്രിമാരും ഈ മാതൃക സ്വീകരിക്കേണ്ടതാണ്. ഇനിയും മറുപടി നൽകാനുള്ള എല്ലാ ചോദ്യങ്ങൾക്കും പൂർണ്ണമായ മറുപടി ചട്ടം അനുശാസിക്കുന്ന വിധം യഥാസമയം ലഭ്യമാക്കാൻ ശ്രദ്ധിക്കണമെന്ന് ചെയർ ഓർമ്മിപ്പിക്കുന്നു.

സമ്മേളന കാലയളവിൽ ചട്ടം 50 പ്രകാരമുള്ള 7 നോട്ടീസുകളാണ് സഭ പരിഗണിച്ചത്. അതിൽ സോളാർ കേസ് ഗൂഢാലോചന അന്വേഷിക്കണമെന്ന് ആവശ്യപ്പെടുന്നത് സംബന്ധിച്ചും സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ചുമുള്ള രണ്ട് നോട്ടീസുകൾക്ക് അവതരണാനുമതി ലഭിക്കുകയും തുടർന്ന് സഭ ഇപ്പോൾ നിർത്തിവയ്ക്കുന്നു എന്ന പ്രമേയത്തിന്മേൽ രണ്ട് മണിക്കൂറിലധികം സമയംവീതം സഭയിൽ ചർച്ച നടത്തുകയും ചെയ്തു. ഏക സിവിൽ കോഡ് സംബന്ധിച്ചും സംസ്ഥാനത്തിന്റെ പേര് ഭരണഘടനയിലും മറ്റ് ഔദ്യോഗിക രേഖകളിലും 'കേരളം' എന്നാക്കി മാറ്റുന്നത് സംബന്ധിച്ചും ചട്ടം 118 പ്രകാരമുള്ള രണ്ട് ഗവൺമെന്റ് പ്രമേയങ്ങൾ ഈ സമ്മേളനകാലയളവിൽ സഭ ഐകകണ്ഠേന പാസ്സാക്കുകയുണ്ടായി.

സംസ്ഥാനത്തുണ്ടായിട്ടുള്ള നിപ വ്യാപനം സംബന്ധിച്ച് ചട്ടം 300 പ്രകാരം ബഹുമാനപ്പെട്ട ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി പ്രസ്താവന നടത്തുകയുണ്ടായി.

ആദ്യം നിശ്ചയിച്ച കലണ്ടർ പ്രകാരം അനൗദ്യോഗിക കാര്യങ്ങൾക്കായി രണ്ട് വെള്ളിയാഴ്ചകൾ നീക്കിവച്ചിരുന്നെങ്കിലും സമ്മേളന ദിവസങ്ങൾ വെട്ടിച്ചുരുക്കിയതിനാൽ അനൗദ്യോഗിക കാര്യങ്ങൾ ഈ സമ്മേളനകാലത്ത് സഭയുടെ പരിഗണനയിൽ വരികയുണ്ടായില്ല.

സമ്മേളന കാലയളവിൽ 14 ശ്രദ്ധക്ഷണിക്കലുകളും 105 സബ്മിഷനുകളും സഭ മുമ്പാകെ അവതരിപ്പിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി പറയുകയും ചെയ്തു. സമ്മേളനത്തിലാകെ 611 രേഖകൾ സഭയുടെ മേശപ്പുറത്തുവയ്ക്കുകയും നിരവധി നിയമസഭാ കമ്മിറ്റികളുടേതായ 78 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

നിയമസഭാ സാമാജികരുടെ വാസസ്ഥലത്തെ പമ്പാ ബ്ലോക്ക് പുനർ നിർമ്മിക്കുന്നതിന്റെ ശിലാസ്ഥാപനം ആഗസ്റ്റ് 26-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി. പുതിയ ബ്ലോക്കിന്റെ നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

സംസ്ഥാന സർക്കാരിന്റെ 'കേരളീയം 2023' പരിപാടിയോടനുബന്ധിച്ച് കേരള നിയമസഭാ അന്താരാഷ്ട്ര പുസ്തകമേളയുടെ

രണ്ടാം പതിപ്പും 2023 നവംബർ 1 മുതൽ 7 വരെ സംഘടിപ്പിക്കുകയാണ്. വൈവിധ്യം കൊണ്ടും പൊതുജന പങ്കാളിത്തം കൊണ്ടും അന്താരാഷ്ട്ര ശ്രദ്ധ നേടിയ ആദ്യ പുസ്തകോത്സവം കൂടുതൽ മികവോടെ നടപ്പാക്കാനുള്ള തയ്യാറെടുപ്പുകൾ നടന്നുവരികയാണ്.

നിയമസഭാ സാമാജികർക്കായുള്ള തുടർ പരിശീലന പരിപാടി സെപ്തംബർ 19, 20 തീയതികളിലായി മെമ്പേഴ്സ് ലോഞ്ചിൽ നടത്താൻ തീരുമാനിച്ചിട്ടുണ്ട്. എല്ലാ ബഹുമാനപ്പെട്ട മന്ത്രിമാരും അംഗങ്ങളും പ്രസ്തുത പരിപാടിയിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

സഭയുടെ ഒമ്പതാം സമ്മേളന നടപടികൾ വിജയിപ്പിക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട മന്ത്രിമാർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്രതിപക്ഷ ഉപനേതാവ്, വിവിധ കക്ഷി നേതാക്കൾ, മറ്റ് സഭാംഗങ്ങൾ എന്നിവർ കാണിച്ച സഹകരണം അങ്ങേയറ്റം മാതൃകാപരമായിരുന്നു. അതിന്റെ പേരിൽ എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു. അതുപോലെ സമ്മേളനം വിജയിപ്പിക്കാൻ ആവശ്യമായ സഹായ സഹകരണം നൽകിയ നിയമസഭാ

സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുതലങ്ങളിലെയും ഉദ്യോഗസ്ഥർ, പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾ, പത്ര-ദൃശ്യ മാധ്യമ പ്രവർത്തകർ, വിവിധ സേനാ ഉദ്യോഗസ്ഥർ എന്നിവർക്കും ചെയർ നന്ദി അറിയിക്കുന്നു.

ഓർഡർ... ഓർഡർ... സഭ അനിശ്ചിത കാലത്തേയ്ക്ക് പിരിയുന്നു.

(ദേശീയ ഗാനാലാപനത്തോടെ 15-ാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനം 2023 സെപ്റ്റംബർ മാസം 14-ാം തീയതി വ്യാഴാഴ്ച രാത്രി 8.04-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)